ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 33 ദേവാലയങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ദേവാലയങ്ങൾക്ക് ആവശ്യമായ സ്ട്രക്ച്ചറൽ കൺസർവേഷൻ, കെമിക്കൽ കൺസർവേഷൻ എന്നിവ നടത്തിവരുന്നു. ഇതിലേക്കായി പ്രതിവർഷം 15 ലക്ഷം രൂപ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 68 ലക്ഷം രൂപയുടെ പദ്ധതികൾ പ്രസ്തുത ദേവാലയങ്ങളിൽ നടത്തിവരുന്നുണ്ട്.

(സി) കേന്ദ്രത്തിൽനിന്നും സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പെരിയാറിന്റെ മദ്ധ്യഭാഗത്തുള്ള തുരുത്ത് സംരക്ഷിക്കാൻ നടപടി

81 [1767] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പെരിയാറിന്റെ മദ്ധ്യഭാഗത്തുള്ള തുരുത്ത് തീരസംരക്ഷണത്തിന്റെ അഭാവംമൂലവും ഗതാഗത സൗകര്യമില്ലാത്തതിനാലും നാശം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുരുത്ത് കെട്ടിസംരക്ഷിക്കുന്നതിനും തുരുത്തിലേക്ക് തൂക്കുപാലം നിർമ്മിച്ച് ഗതാഗത സൗകര്യം ഉണ്ടാക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശം അടിയന്തിരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) 22 ഏക്കറോളം വരുന്ന തുരുത്തിൽ 25 കുടുംബങ്ങളാണ് അധിവസിക്കുന്നത്. തുരുത്ത് കെട്ടി സംരക്ഷിക്കുന്നതിനും വഞ്ചികൾ അടുക്കുന്നതിനുമുള്ള കടവും നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൂക്കുപാലം

LIBRARY ARCHIVES Kerala Legislative Assembly

പണിയുന്നതിന് 35 ലക്ഷം രൂപയും പാലം പണിയുന്നതിന് 4 കോടി രൂപയും ആവശ്യമാണ്. ഭീമമായ ഇത്രയും തുക കണ്ടെത്തുക പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പണി ഇപ്പോൾ ഏറ്റെടുത്ത് നടത്താൻ കഴിയില്ല.

സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ

82 [1768] ശ്രീ. ഇ. എം. അഗസ്തി:
" എൻ. ശക്തൻ:
" എൻ. ഡി. അപ്പച്ചൻ:
" കെ. സി. വേണുഗോപാൽ:
" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികൾ ഗതാഗതത്തിനായി ഉപയോഗിക്കുന്നുണ്ട്;

(സി) മറ്റു നദികളേയും ഗതാഗതത്തിനുപയോഗിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ താഴെ പറയുന്നവയാണ്.

1. വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ കോട്ടപ്പുറം വരെയും, കോട്ടപ്പുറം മുതൽ ഹോസ്ദുർഗ്ഗ് വരെയും ഉള്ള ജലപാതകൾ. ഇതിന്റെ ഉപശാഖകൾ ആലപ്പുഴ-കോട്ടയം, വൈക്കം-കോട്ടയം, ചങ്ങനാശ്ശേരി-ആലപ്പുഴ ജലപാതകൾ.
2. ഉദ്യോഗമണ്ഡൽ-ചമ്പക്കര കനാൽ
3. തിരൂർ-കൂട്ടായി കനാൽ, പൊന്നാനി-കൊച്ചി കനാൽ, കനോലി കനാൽ

LIBRARY ARCHIVES Kerala Legislative Assembly